# St. Peter's Jacobite Syrian Orthodox Church

**Under the Holy Apostolic See of Antioch & All the East**

**(Reg. No: SG-394/78 & 700000-01)**







*Merry Christmas*



# WELCOME

To our Patriarchal Vicar

**H.G. Pathros Mor Osthatheos**

## December 2010 വിശേഷദിവസങ്ങൾ

ഡിസംബർ 1 = യൽദോ നോമ്പ് ആരംഭം



ഡിസംബർ 14 = പാണംപടി പള്ളിയിൽ കബറടങ്ങിയിരിക്കുന്ന പരിശുദ്ധനായ പൗലോസ് മോർ കൂറിലോസ് തിരുമേനിയുടെ ഓർമ്മ. *പ്രത്യേക പ്രാർത്ഥനയും നേർച്ചയും പന്ത്രണ്ടാം തീയതി ഞായറാഴ്ച്ച വി. കുർബ്ബാനയോടനുബന്ധിച്ച് നടത്തപ്പെടുന്നതായിരിക്കും*

*പരിശുദ്ധനായ തിരുമേനി, ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കേണമേ*

**Election General Body**

**December 10 Friday after Holy Qurbana.**

General Body to elect Managing Committee for the year 2011. All eligible members are requested to attend.



ഡിസംബർ 25 = ലോകരക്ഷകനായ ക്രിസ്തു ബേത്ലഹേമിലെ കാലിത്തൊഴുത്തിൽ പാപികളായ നമ്മെ വീണ്ടെടുക്കുവാൻ വന്നു പിറന്ന മഹത്ദിനം (ക്രിസ്തുമസ്), യൽദോ നോമ്പ് വീടൽ. ക്രിസ്തുമസ് സർവീസും തുടർന്ന് വി. കുർബ്ബാനയും ഇരുപത്തിനാലാം തീയതി വെള്ളിയാഴ്ച്ച വൈകുന്നേരം 7.30 മുതൽ (വെള്ളിയാഴ്ച്ച രാവിലെ വി. കുർബ്ബാന ഉണ്ടായിരിക്കുന്നതല്ല)




ഡിസംബർ 31 = രാത്രി 12, പുതുവർഷപിറവിയുടെ പ്രത്യേകപ്രാർത്ഥന

# JACOBITE SYRIAN CHRISTIAN CHURCH

(UNDER THE HOLY APOSTOLIC SEE OF ANTIOCH AND ALL THE EAST)

**OSTHATHEOS PATHROS**
METROPOLITAN
PATRIARCH IGNATIUS ZAKKA I IWAS CENTRE
(PATRIARCHAL CENTRE)
PUTHENCRUZ, ERNAKULAM, KERALA, INDIA
PIN- 682 308
PHONE : 0484 -2732804 (Office)
MOB : +0091 9744900112
E-mail : bishoposthatheos@rediffmail.com

MOR OSTHATHEOS METROPOLITAN PATHROS 2006

Patriarchal Vicar
for the Churches in
Kingdom of Bahrain, Singapore, Malasia


Date. 30.11.2010

നമുക്കെത്രയും സ്നേഹിക്കപ്പെട്ടിരിക്കുന്ന ബഹറിൻ സെന്റ് പീറേറഴ്സ് സിറിയൻ യാക്കോബായ പള്ളി വികാരി ബഹു. തോമസ് നെടിയപാലക്കൽ കശീശ്ശാ, മാനേജിങ്ങ് കമ്മററി അംഗങ്ങൾ, മററു വിശ്വാസികളേവർക്കും കർത്താവിൽ വാഴ്വ്.

പ്രിയരെ,

പരി. സഭയുടെ പരമാദ്ധ്യക്ഷനായി, പരി. അന്ത്യോഖ്യാ സിംഹാസനത്തിൽ ഭാഗ്യമോടെ വാണരുളുന്ന മോറാൻ മോർ ഇഗ്നാതിയോസ് സഖാ പ്രഥമൻ പാത്രിയർക്കീസ് ബാവായാൽ ബലഹീനനായ എന്നെ ആ ഇടവകയുടെ പാട്രിയർക്കൽ വികാരി ആയി നിയമിച്ചതിനു ശേഷം ആദ്യമായി നടത്തിയ സന്ദർശനവേളയിൽ, ബഹു. വികാരി അച്ചനോടൊപ്പം പള്ളി ഭാരവാഹികളും എല്ലാ വിശ്വാസികളും ചേർന്ന് നൽകിയ സ്വീകരണവും, ആദരവും, അതേ ഊഷ്മളതയോടെ ദൈവതിരുമുമ്പാകെ സമർപ്പിച്ചുകൊള്ളുന്നു. അതാതു കാലഘട്ടങ്ങളിൽ ദൈവം തന്റെ ഭക്തന്മാരുടെ ജീവിതത്തിൽ ഇടപെട്ട് സഭാമക്കളുടെ ജീവിതത്തിൽ പുതിയ ദർശനങ്ങളും, മാർഗ്ഗനിർദ്ദേശങ്ങളും നൽകി വഴി നടത്തുന്നത് ആദിമനൂററാണ്ടു മുതൽ നടന്നു വരുന്നു.

പരി. സഭയിൽ തന്റെ അപ്പൊസ്തലന്മാരെ അയയ്ക്കുകയും, ആത്മീയ വർദ്ധനവിനായുള്ള പ്രോത്സാഹനങ്ങളും പരിശുദ്ധാത്മാവിന്റെ ആവാസനത്തിനുള്ള പ്രാർത്ഥനയോടെയും, പുനസമർപ്പണത്തിലൂടെയും അവർ പരി. സഭയെ നയിച്ചിരുന്നു. പരി. പിതാകന്മാരും അതാതു കാലങ്ങളിൽ പരിശുദ്ധാത്മനിറവിൽ സഭാമക്കളെ നടത്തിയിരുന്നു.

നിങ്ങൾ ദൈവത്തിന്റെ സഭയിലെ ഒരു മാതൃകാ ഇടവകയായി പരി. അന്ത്യോഖ്യാ സിംഹാസനത്തിൽ കീഴിൽ പരി. സഭാ വിശ്വാസങ്ങളും പാരമ്പര്യങ്ങളും, കീഴ് വഴക്കങ്ങളും, തീഷ്ണതയോടെ പാലിച്ചു വരുന്നത് കാണുന്നതിൽ നാം ദൈവത്തെ മഹത്വപ്പെടുത്തുന്നതോടൊപ്പം, നിങ്ങളെ ഇതുവരെ ദൈവത്തിന്റെ കൃപയിൽ പരിപാലിച്ചുപോന്ന അഭിവന്ദ്യ പിതക്കന്മാരെയും നന്ദിയോടെ സ്മരിക്കുന്നു. ദൈവം നിങ്ങൾക്ക് തന്റെ കൃപയും വാഴ്വും എക്കാലവും നൽകിക്കൊണ്ട് ദൈവരാജ്യത്തിന്റെ പുത്തനനുഭവത്തിലൂടെ നമ്മുടെ കർത്താവും രക്ഷിതാവുമായ യേശുക്രിസ്തുവിന്റെ ഉത്തമസാക്ഷികളായി ജീവിപ്പാൻ സംഗതിയാകട്ടെ. നിങ്ങളുടെ ഇടയിൽ നാം കണ്ടുവരുന്ന പരസ്പര സ്നേഹവും, സഹവർത്തിത്വവും, ഐക്യമത്യവും എക്കാലവും നിലനിർത്തിക്കൊണ്ട്, പരി. സഭയുടെ ഔന്നത്യത്തിന്നും, ശ്രേഷ്ഠതയ്ക്കും അനുയോജ്യമായ സൽഫലങ്ങൾ പുറപ്പെടുവിക്കുന്നവരായി തീരുവാൻ ഇടവരട്ടെ.

വീണ്ടും പ്രിയരെ, നമ്മുടെ കർത്താവിന്റെ ജനനപ്പെരുന്നാൾ ആഗതമായിരിക്കുമ്പോൾ വർദ്ധിച്ച ആനന്ദവായ്പോഴും ശുഷ്കാന്തിയോടും ആരാധനയിലും, പ്രാർത്ഥനയിലും ആയിരിപ്പാൻ പ്രത്യേകം ശ്രദ്ധിപ്പിൻ. അതോടൊപ്പം തന്നെ സേവനസന്നദ്ധതയിലും നന്മപ്രവർത്തനങ്ങളിലും ഉൽസുകരായിരിപ്പിൻ. ദൈവം നിങ്ങൾക്ക് സമാധാനവും, രോഗികൾക്ക് സൗഖ്യവും, അദ്ധ്വാനിക്കുന്നവർക്ക് അഭ്യുന്നതിയും, വാങ്ങിപ്പോയവർക്ക് സ്വർഗ്ഗീയഭവനങ്ങളിൽ ആശ്വാസവും നൽകട്ടെ. നിങ്ങൾക്കേവർക്കും ക്രിസ്തുമസ്സിന്റെയും, പുതുവത്സരത്തിന്റെയും ആശംസകൾ നേരുന്നു

ആയത് വി. മർത്തമറിയാമമ്മയുടെയും, പരി. പത്രോസ് ശ്ളീഹായുടെയും, സകല ശുദ്ധിമാന്മാരുടെയും, ശുദ്ധിമതികളുടെയും മദ്ധ്യസ്ഥപ്രാർത്ഥനയാൽ തന്നെ.

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവെ...............

പത്രോസ് ഒസ്താത്തിയോസ് മെത്രാപ്പോലീത്ത

# Christmas



***ലൂക്കോസ്(2: 10-11),സർവ്വജനത്തിനുമുണ്ടാകുവാനുള്ള മഹാസന്തോഷം ഞാൻ നിങ്ങളെ അറിയിക്കുന്നു. കർത്താവായ ക്രിസ്തു എന്ന രക്ഷകൻ ഇന്നു ദാവീദിന്റെ പട്ടണത്തിൽ നിങ്ങൾക്കായി ജനിച്ചിരിക്കുന്നു***

ക്രിസ്തുമസ് വരവായി. മഹാസന്തോഷത്തിന്റെ കുളിർമ്മ. വർണ്ണശബളിമയാർന്ന തോരണങ്ങളും, നക്ഷത്രങ്ങളും, ട്രീയും..... പിന്നെ സമ്മാനങ്ങളും. ക്രിസ്തുമസ് സന്ദേശമറിയിക്കുന്നതിനായി കരോൾ!

ദൂതൻ അറിയിക്കുന്ന സന്ദേശം ഏറെ ശ്രദ്ധേയമാണ്! അൽപ്പമായി വിചിന്തനം ചെയ്യാം.

ഇത് സർവ്വജനത്തിനുമുള്ള സന്തോഷമാണ്. മഹാസന്തോഷം. എന്താണ് ഈ മഹസന്തോഷത്തിനു ഹേതു? രക്ഷകൻ നമ്മോടു കൂടിയാണ്. അവന്റെ പേർ ഇമ്മാനുവേൽ എന്നാണ് (മത്താ: 1 : 22). ഇമ്മനുവേൽ എന്ന ഹിബ്രു പദത്തിനർത്ഥം ' ദൈവം നമ്മോടുകൂടെ' എന്നാണല്ലോ. നാം സമ്പന്നരായാലും ദരിദ്രയാലും ദൈവം നമ്മോടു കൂടിയാണെന്നതാണ് മഹാസന്തോഷത്തിന് കാരണം. നമ്മോടു കൂടെയുള്ള ദൈവത്തെ കാണണമെങ്കിൽ കണ്ണുതുറക്കണം. എമ്മവൂസിലേയ്ക്കു പോകുകയായിരുന്ന ശിഷ്യരുടെ കൂടെ യേശു യാത്ര ചെയ്തിട്ടും, യാതാവസാനമാണല്ലൊ അവർക്ക് യേശുവിനെ തിരിച്ചറിയാൻ കഴിഞ്ഞത്. ഹാഗാർ തന്റെ കുഞ്ഞിന ദാഹിച്ച് വെള്ളം കിട്ടാതെ മരിച്ചു പോകുമെന്ന് കരുതി നിലവിളിച്ച് ദൈവത്തിലേക്ക് നോക്കിയപ്പോഴാണല്ലൊ അവളുടെ തൊട്ടടുത്തു തന്നെയുള്ള നീരുറവ അവൾക്കു കാണുവാൻ കഴിഞ്ഞത്. യെശ്ശയ്യ പ്രവാചകന്റെ ഭാഷയിൽ പറഞ്ഞാൽ ഈ ജനം കണ്ണുകൊണ്ടു കണ്ടിട്ടു കാണാതെയും ചെവികൊണ്ടു കേട്ടിട്ടു കേൾക്കതെയും ഇരിക്കത്തക്കവണ്ണം അവരുടെ ഹൃദയം തടിച്ചിരിക്കുന്നു. ഇതാ സാക്ഷാൽ ദൈവം ശരീരമെടുത്ത് നമ്മോടുകൂടെയാണ്

പഴയനിയമത്തിൽ അപരിമേയനും അതിന്ദ്രിയനുമായ ദൈവത്തെയാണ് നാം കാണുന്നത്. ആദാം ദൈവത്തെ ശബ്ദമായി അറിയുന്നു, മോശ കത്തുന്ന മുൾപ്പടർപ്പിലൂടെ ദൈവത്തെ കണ്ടറിഞ്ഞു. യിസ്രായേൽ ജനതയെ മരുഭൂമിയിലൂടെ ദൈവം വഴി നടത്തിയത് രാത്രി അഗ്നിസ്തംഭത്താലും പകൽ മേഘസ്തംഭത്താലുമാണ്; രാത്രി വെളിച്ചമായും പകലിന്റെ ചൂടിൽ തണലായും. സാക്ഷ്യപെട്ടകത്തിന്റെ സാന്നിദ്ധ്യത്താൽ ദൈവസാന്നിദ്ധ്യം അവർ അറിഞ്ഞു. യിസ്രായേൽ ജനതയ്ക്ക് തനതായ ഒരു രാഷ്ട്രം ഉണ്ടായപ്പോൾ യരുശലേം ദേവാലയത്തിൽ മഹാവിശുദ്ധസ്ഥലത്ത്, പുരോഹിതനൊഴികെ മററാരും പ്രവേശിക്കാത്തിടത്ത് ദൈവസാന്നിദ്ധ്യം അവർ അനുഭവിച്ചു. യശയ്യാ പ്വ്രാചകൻ ദർശനത്തിൽ ദൈവത്തെ കണ്ടു. സ്വർഗ്ഗീയനായ ദൈവത്തെ, മാലഖമാർ തന്റെ വിശുദ്ധിയെ ഇടവിടാതെ പ്രകീർത്തിക്കുന്ന ദർശനം! അതിന്റെ ഫലം പ്രവാചകന് തന്നെയും മററുള്ളവരെയും അറിയുവാൻ കഴിഞ്ഞു.

ഇതാ അപരിമേയനും, അതീന്ദ്രിയനുമായ ദൈവം നമ്മോടു കൂടെ അധിവസിക്കുന്നു. അഭൗമികനായ ദൈവം ഭൗമികനായിരിക്കുന്നു. അത്യുന്നതങ്ങളിൽ അധിവസിക്കുന്നവൻ ഇതാ സാധാരണക്കാരിൽ സാധാരണക്കാരനായി ഒന്നുമില്ലാത്തവനായി ഈ ഭൂമിയിൽ തന്നെ ജനിച്ചിരിക്കുന്നു. ഈ സാമിപ്യം ആണ് മഹാസന്തോഷം. ഇനി അത്യുന്നതങ്ങളിലല്ല താഴെ ഭൂമിയിൽ തന്നെ ഈ ദൈവത്തെ ദർശിക്കാം! ജനനപെരുന്നാളായ ക്രിസ്തുമസ് നാം കൊണ്ടാടുമ്പോൾ നമ്മുടെ ദൈവത്തെ നമ്മുടെ മദ്ധ്യേ നമുക്കും കാണുവാൻ കഴിഞ്ഞില്ലെങ്കിൽ അർത്ഥശൂന്യമായ അനുഷ്ഠാനവും അനുസ്മരണവുമാകും ഈ വർഷത്തെ ക്രിസ്തുമസ്.

ഇമ്മനുവേൽ എന്ന ദൈവത്തെ കാണുവാൻ നിരീശ്വരവാദിയെ വായടപ്പിക്കുന്ന തത്വചിന്തയൊ വാദമുഖങ്ങളൊ ആവശ്യമില്ല. ഈ ദൈവത്തെ ഉണ്ടെന്നു സ്ഥാപിക്കുവാൻ തോമസ് അക്വിനാസിന്റെ ദൈവാസ്തിത്വ വാദങ്ങളും ആവശ്യമില്ല. മാത്രമല്ല, രക്ഷകനെ അന്വേഷിച്ച വിശുദ്ധന്മാരുടെ കണക്കുകൂട്ടലുകളും ആവശ്യമില്ല. വളരെ ലളിതം. അത് ദൈവശാസ്ത്രങ്ങൾക്ക് അപരിചിതവും ഭോഷത്വവുമായേക്കാം. എന്നാൽ അജ്ഞരായ ആട്ടിടയർക്ക് സുഗ്രാഹ്യം. very simple 'നിങ്ങൾക്കു അടയാളമോ: ശീലകൾ ചുററി പശുത്തൊട്ടിയിൽ കിടക്കുന്ന ഒരു ശിശുവിനെ നിങ്ങൾ കാണും (ലൂക്കോ. 2:12). ശീലകൾ പഴന്തുണിയാണ്. അത് ദാരിദ്ര്യത്തിന്റെ അടയാളമാണ്.

നമുക്കും ദൈവം തരുന്ന അടയാളം വചനത്തിലൂടെത്തന്നെയാണ്. യേശു തന്നെ പറയുന്നു താൻ ലോകത്തിലേയ്ക്ക് വന്നത് ദരിദ്രർക്ക് സുവിശേഷം അറിയിക്കാനും ബദ്ധർക്ക് വിടുതലിനും കുരുടർക്ക് കാഴ്ചയ്ക്കും പീഡിതർക്ക് വിടുതലിനുമായിട്ടാണെന്ന് (ലൂക്കോ 4 : 18). വിശക്കുന്നവൻ, ദാഹിക്കുന്നവൻ, അതിഥി, നഗ്നൻ, രോഗി, തററവുകാരൻ എന്നിങ്ങനെയുള്ളവരെ നാം സഹായിക്കുമ്പോൾ യേശു നമ്മുടെ മദ്ധ്യേ ജനിക്കുന്നു (മതാ: 25 : 35 36)

ഈ ക്രിസ്തുമസ് നമ്മുക്ക് പുതിയൊരു ഉൾക്കാഴ്ച്ച നൽകട്ടെ! നമ്മുടെ മദ്ധ്യേ ജനിക്കുന്ന ക്രിസ്തുവിനെ നമ്മുക്കും കാണുവാൻ കഴിയട്ടെ! എല്ലാവർക്കും സന്തോഷകരമായ ക്രിസ്തുമസ് ആശംസകൾ!!!

*നിങ്ങളുടെ തോമസ് നെടിയപാലയ്ക്കൽ അച്ചൻ*



# SEMINAR ON "FAMILY HEALTHCARE"

On November 18, 2010 the Marthamariam Vanitha Samajam organized a Seminar on FAMILY HEALTHCARE for the benefit of all members of our Church. The keynote presentation on **Family Health Care** was delivered by Dr. Dennis Sebastian, Asst.Director, Medical Underwriting & TPA Services, Arab Insurance Group. Rev. Vinod Victor, Co-ordinator, South Asia Ecumenical Partnership Program took class on **Christian Family Life**. Participants were enlightened by the speakers on how small changes in the right direction can make wonders for the fulfillment of our physical and spiritual needs leading to a more enjoyable and healthy family life. Many thanks to Mrs. Laly Chandi Joshua, Co-ordinator of Marthamariam Vanitha Samajam for organizing such a very useful Seminar.





## 2010 Christmas Carol Schedule

| CAROL DAY # | CAROL DATE | CAROL DAY | AREA NAMES |
|---|---|---|---|
| 1 | 6-Dec-2010 | MONDAY | SALMANIYA / SALMANIYA AVENUE |
| 2 | 7-Dec-2010 | TUESDAY | AROUND THE CHURCH |
| 3 | 8-Dec-2010 | WEDNESDAY | SH. SALMAN SQUARE (NEAR POLICE FORT) |
| 4 | 9-Dec-2010 | THURSDAY | GUDAIBIYA |
| 5 | 10-Dec-2010 | FRIDAY | TUBLI / JIDALI / SALMABAD / ISA TOWN |
| 6 | 11-Dec-2010 | SATURDAY | ADLIYA / JUFFAIR / UM AL HASSAM / MAHOOZ |
| 7 | 13-Dec-2010 | MONDAY | MUHARRAQ / ARAD / HIDD |
| 8 | 14-Dec-2010 | TUESDAY | RIFFA / BUQUWARA |
| 9 | 15-Dec-2010 | WEDNESDAY | HOORA / EXHIBITION ROAD |
| 10 | 16-Dec-2010 | THURSDAY | A'ALI / SANAD / SITRA / MA'AMEER / ASKAR |
| 11 | 17-Dec-2010 | FRIDAY | SUGAIYA / NEW ZINJ / ZINJ |
| 12 | 18-Dec-2010 | SATURDAY | BUDAIYA / HAMALA / HAMAD TOWN |
| 13 | 20-Dec-2010 | MONDAY | GAFOOL / KHAMEES / SEHLA |
| 14 | 21-Dec-2010 | TUESDAY | SH. HAMAD ROAD |
| 15 | 22-Dec-2010 | WEDNESDAY | AWAL SQUARE / RAS RUMAN |
| 16 | 23-Dec-2010 | THURSDAY | MANAMA / INSIDE MANAMA / LULU ROAD / NAIM |

**Cleaning of Church premises by Social Service League Members.**

**Thanks for their dedication.**





## MAIDEN VISIT BY OUR PATRIARCHAL VICAR HIS GRACE PATHROS MOR OSTHATHEOS

Our Patriarchal Vicar **His Grace Pathros Mor Osthatheos Metropolitan** arrived in Bahrain on 24 November 2010 for maiden visit to our Church and to attend our Mega Event "AGAPE 2010". His Grace was received at the airport by the Vicar, Managing Committee members and other members of the Church.





# YOUTH ASSOCIATION & SOCIAL SERVICE LEAGUE ACTIVITIES

Collected clothes from members and sent to the needy in India. Congratulations to members of the Youth Association & Social Service League for doing a wonderful job. Thanks to all members who provided clothes to this noble endeavour.






# FEAST OF PARUMALA THIRUMENI

Celebrated with Holy Qurbana followed by a special feast. Thanks to all members who supported the Perunnal.





# ANNOUNCEMENTS

**NEW BORN JOY**

Twin Baby Boys were born to Mr. Jinny K. Johny & Mrs. Algy Johny, Congratulations!!!.

## 2010 CHRISTMAS CAROL SONG INAGURATION BY HIS GRACE







## GOD'S CREATION

Oh! How great is God's creation
The sun in its glory at the day
The moon and the stars shimmering at the night
The nature in its beauty of green
The sky painted in its royal blue
The creamy clouds floating through the sky
The rhythmic beat of the flowing river
The birds chirping at their melodious voice
And many more in this wonderful world
Oh! How great is God's creation!

*Ria Mariam Solomon*

# അഗാപ്പെ 2010 (AGAPE 2010) "GOD'S LOVE"

മഹത്തായ ദൈവസ്നേഹത്തിന്റെ, തന്റെ സൃഷ്ടികളെ വീണ്ടെടുക്കുവാൻ സ്വന്തപുത്രനെ ബലി നൽകിയ ആ വലിയ സ്നേഹത്തിന്റെ, പാപികളെ സ്നേഹിക്കുവാനും പാപത്തെ വെറുക്കുവാനും പഠിപ്പിച്ച മഹത്തായ സ്നേഹത്തിന്റെ അഗാപ്പെ 2010 നമ്മുടെ ഇടവകയുടെ ഒരു മഹോത്സവമായി കൊണ്ടാടുവാൻ നമുക്കു സാധിച്ചു. നമ്മുടെ ഇടവകയുടെ മഹത്തായ കൂട്ടായ്മയുടെ ഉത്ത്മോദാഹരണമായി മാറിയ സ്നേഹവിരുന്ന്! കാണികളുടെ കണ്ണിനും കാതിനും കുളിർമ്മയേകിയ ഇടവകാംഗങ്ങളുടെ വിവിധ കലാപരിപാടികൾ. എല്ലാ പ്രോഗ്രാമുകളും ഒന്നിനൊന്നു മെച്ചമായി അവതരിക്കപ്പെട്ടു. ഏൽപ്പിക്കപ്പെട്ട ചുമതലകൾ എല്ലാവരും ഉത്തരവാദിത്വത്തോടെ ആത്മാർത്ഥമായി നിറവേററിയപ്പോൾ പ്രതീക്ഷിച്ചതിലും വിജയകരമായി നമ്മുടെ അഗാപ്പെ 2010.

നമ്മുടെ ഇടവകയുടെ പാത്രിയർക്കൽ വികാരിയായി ചുമതലയേറെറടുത്തതിനു ശേഷം ആദ്യമായി ബഹ്റിൻ സന്ദർശിച്ച അഭിവന്ദ്യ പത്രോസ് മോർ ഒസ്താത്തിയോസ് മെത്രാപ്പോലീത്താ തിരുമേനിക്ക് ഉചിതമായ ഒരു സ്വീകരണം പ്രസ്തുത സമ്മേളനത്തിൽ വെച്ച് നൽകപ്പെട്ടു. ബഹുമാനപ്പെട്ട വികാരിയച്ചൻ അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ അഭിവന്ദ്യ തിരുമേനിയെക്കൂടാതെ, നമ്മുടെ സഹോദര ഇടവകകളിലെ വികാരിമാർ, ശ്രീ. സോമൻ ബേബി, ഡോ. പി. വി. ചെറിയാൻ, ശ്രീ. ഏബ്രഹാം ജോൺ, തുടങ്ങിയ പ്രമുഖർ പങ്കെടുത്തു. യോഗാനന്തരം ഇടവകാംഗളുടെ വിവിധ കലാപരിപാടികൾ അരംങേറി. എല്ലാവരുടെയും പ്രശംസ ഏററു വാങ്ങിയ കലാപരിപാടികൾ അണിയിച്ചൊരുക്കുവാൻ പ്രവർത്തിച്ച എല്ലാവർക്കും പ്രത്യേകം അഭിവന്ദനങ്ങൾ!!!

എല്ലാവർക്കും ഒരായിരം നന്ദി!
ഈ കൂട്ടായ്മ എന്നും നിലനിൽക്കുവാൻ സർവ്വേശ്വരൻ അനുഗ്രഹിക്കട്ടെ!!








A get together of all






AGAPE 2010
വനിത



rthodox Church
AL AKHD
Trading
CAST
Peter's Jacobite Syrian Orthodox Ch
A get togethe
riarchal Vicar
or Osthathe
ish Members and gu
ption to our Patriar
ce P thros
ay, 26th
nd gue
November 2
His G
athros
sthathe
al Vicar

## ക്വിസ്സ് നമ്പർ - 10 (ഉൽപ്പത്തി 30 - 50)

1. യോസേഫ് മിസ്രയീം രാജാവായ ഫറവോന്റെ മുമ്പാകെ നിൽക്കുമ്പോൾ അവന് എത്ര വയസ്സായിരുന്നു?
2. യിസ്രായേൽ ഗോത്രങ്ങൾ എത്ര?
3. മിസ്രയീമിൽ വന്നവരായ യാക്കോബിന്റെ കുടുംബം ആകെ എത്ര പേരുണ്ടായിരുന്നു?
4. ഏശാവ്, യാക്കോബിനെ എതിരേൽപ്പാൻ പോയതു് എത്ര ആളുകളുമായാണ് ?
5. യോസേഫിനെ സഹോദരന്മാർ എത്ര വെള്ളിക്കാശിനാണ് യിശ്മായേല്യർക്ക് വിററത്?
6. ഒററുകാരെന്നു പറഞ്ഞ് യോസേഫ് സഹോദരന്മാരെ എത്ര ദിവസം തടവിലാക്കി?
7. യോസേഫിന്റെ ആയുഷ്ക്കാലം എത്ര?
8. ഫറവോന്റെ കൽപ്പനപ്രകാരം ബെന്യാമിനു യോസേഫ് നൽകിയത് എത്ര വെള്ളിക്കാശ്?
9. യാക്കോബ് മിസ്രയീ ദേശത്തു വന്നിട്ട് എത്ര സംവൽസരം ജീവിച്ചിരുന്നു?
10. ശേഖേമിൽ താൻ കൂടാരമടിച്ച സ്ഥലം യാക്കോബ്, ഹാമോരിന്റെ പുത്രന്മാരോട് എത്ര വെള്ളിക്കാശിനാണ് വാങ്ങിയത്?
11. യോർദ്ദാനക്കരെയുള്ള ഗോരെൻ ആതാദിൽ വച്ച് യോസേഫും കൂട്ടരും എത്ര ദിവസമാണ് ഗൗരവമായ പ്രലാപം കഴിച്ചത്?
12. യിസ്ഹാക്കിന്റെ ആയുഷ്ക്കാലം എത്ര?
13. എത്ര പ്രാവശ്യമാണ് ലാബാൻ യാക്കോബിന്റെ പ്രതിഫലം മാററിയത്?
14. യാക്കോബിന്റെ ആയുഷ്ക്കാലം എത്ര?
15. യാക്കോബിന്റെ മൃതശരീരത്തിൽ സുഗന്ധവർഗ്ഗം ഇടുവാൻ എത്ര ദിവസം വേണ്ടിവന്നു?

## ക്വിസ്സ് നമ്പർ 9 ഉത്തരങ്ങൾ (ഉൽപ്പത്തി 15 - 30)

1. യിസ്ഹാക്ക് (27: 22)
2. യഹോവ യിരേ (22 : 14)
3. യിശ്മായേൽ (16 : 12)
4. ഗെരാർ (20 : 11)
5. ഏദോം (ചുവന്നവൻ) (25 : 30)
6. യെഹൂദാ (29 : 35)
7. അബ്രാം (15 : 6)
8. സോവാർ (19 : 22)
9. അര ശേക്കെൽ തൂക്കമുള്ള ഒരു പൊൻ മൂക്കുത്തി, പത്തു ശേക്കെൽ തൂക്കമുള്ള രണ്ടു പൊൻവള (24 : 22) അല്ലെങ്കിൽ വെള്ളിയാഭരണങ്ങളും പൊന്നാഭരണങ്ങളും
10. ലേയാ, റാഹേൽ (24 : 53)
11. പാരാൻ മരുഭൂമി (21 : 20)
12. മൂന്നിടങ്ങഴി (18 : 6)
13. രൂബേൻ (30 : 14)
14. 175 സംവൽസരം ( 25 : 8)
15. വില്ലും പൂണിയിം (27 : 3)

# ക്വിസ്സ് നംബർ - 9 വിജയികൾ

Aleyamma Thomas
Anitha Vrghese
Anju Paulose
Biju Telappily Jacob
Bisy Eby
Blessy Prageesh
Elsy Abraham
Hepsy binu
Jeeba Shaj
Jijomon Mathew
Joji susan mari
Mercy Abraham

Moly Baby
Reji Soloman
Rejina Joseph
Sheela Manoj
Shelby Jacob
Shiny Binu
Sony Roy
Zibi Benny

അഭിനന്ദനങ്ങൾ!!!
Usha Achenkunju




## MORE PHOTOS FROM AGAPE 2010 PROGRAMME








A get together of all Parish M s and guests Love.
Reception
"For G rld tha y Son
not perish


2010
BFC


bossini
AGAPE 2010
For God so loved
believes in him
so that everyone
life" - John 3:16

# Are You Bible Literate?
# Bible Crossword #10 (December 2010)




Leela Alexander

**ACROSS**

**3** Who went to pray in the mount of Olives?

**6** Which mountain did Deborah and Barak descend to defeat Sisera?

**8** On which mountain did Elijah challenge the priests of Baal?

**11** According to Paul, which country is the site of Mount Sinai?

**13** Where were Saul and Jonathan killed by Philistines?

**14** Where did Moses see the burning bush?

**15** From which mountain range did the Cedar wood for Solomon's temple come?

**DOWN**

**1** From which mountain did Moses see the promised land?

**2** Where did Aaron die?

**4** Where did Moses receive the commandments?

**5** Where did Joshua build an altar?

**7** Where was Joshua buried?

**9** On which mountain did Solomon build the temple?

**10** Where did Jacob and Laban make their covenant?

**12** Where did Noah's ark land?

This is the tenth and the final one in the series of Bible crossword puzzles for 2010. All the clues are about **Mountains mentioned in the Bible**. Solve the crossword. A few references are given. Use them if necessary. Please use King James version of the Bible. Deposit your answers in the box near the door to the church as soon as possible, within 7 days after the release of the newsletter.

**As this is the final crossword for this year answers are to submitted soon (within a week) for us to decide the award winners of this year. The Annual Awards will be given to the over all winners on New Year Day.** This contest is open to all; Sunday school students and adults. The winners' names will be published in the church newsletter. The annual award is given only to Sunday School students. You may also send the answers to me by email. My email address is **ocalexleela@gmail.com**

***Useful references*: 1King 18, Deuteronomy 34, Judges 4, Genesis 8, Exodus 3, 2Chronicles 3, 1Kings 5, 1Samuel 31, Genesis 31, Numbers 20, Joshua 8, Galatians 4, Luke 22, Exodus 31, 34, Joshua 24**

**Answers to Bible crossword #9**

| | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|
| | | | G | | | | | | | | |
| | | | O | | J | | | | J | O | B |
| | G | I | D | E | O | N | | | A | | |
| | | S | | | A | | | | C | | U |
| S | | A | | | B | | | B | O | A | Z |
| O | | A | | | | | E | | B | | Z |
| L | | C | A | I | N | | L | | | | I |
| O | | | | | A | | I | | | | A |
| M | E | P | H | I | B | O | S | H | E | T | H |
| O | | | | | O | | H | | | | |
| N | | | | | T | | A | B | E | L | |
| | | N | O | A | H | | | | | | |

**Winners of Bible Crossword # 9 (Nov. 2010)**

Abram Biji
Aathira Sabu
Acsah Elezabeth Abraham
Akhil Basil Paulose
Alan Abraham
Alina Ealias
Anju Paulose
Ann B Abraham
Ann Jeepa Shaj
Ashik James
Ashley Shaju
Aswin Kurian Abraham
Chithira Ealias
Chithira Sabu
Christin Paul
Christy Mary Thomas
Elaine Ajith
Elna Achu James
Elsa Maria Thomas
Flemy P Eby
George K Laji
Jackson Jerom James
Johann Agith
Joseph Sabu
Kamal Baby Paul
Linu Varghese
Mahal Mani Ulahannan
Manuvel Benny
Mathew Roy
Merin Mary Basil
Merlin Mary Basil
Milan Mani Mathew
Ria Mariam
Ron Joseph
Safio Paul
Samuel Benny
Sara Laji
Sharon Paul
Sherin Susan Isaac
Sneha Elsa Kuruvilla
Thomas Sabu
Vivek Solomon

*Congratulations*

*Leela Alexander*

*Merry Christmas*



## How Much Does a Helping Hand Cost?

**Leela Alexander**

"Leela, can you knit a sweater for the *dhobi's* son who is starting second grade this year?" I could not say no, not when our vice principal, Fr. Keogh, a Jesuit missionary was the person asking me. I was working at the St. Xavier's School, Bokaro Steel City at the time. As a young teacher from Kerala, I didn't really know how to knit. But Fr. Keogh gave me a few balls of wool anyway and told me he would be happy if I finished it in two weeks time. And so I set about learning how to knit from my colleagues and neighbours and made the sweater for the boy to wear on school reopening day. I can't express the joy it brought me to finally give him the sweater I knit. I used to watch the small boy running around wearing my sweater everywhere and beam with pride. Later, Fr. Keogh told me, 'Leela be ready to spend your time and energy to help others; many people are ready to part with a portion of their money, ill gotten or well gotten to help others; but how many are ready to spend some time for them?'

Years later, while visiting my son in Switzerland, I got a chance to go to the city square in Lausanne where a 'soup kitchen' was in progress. Soup and bread donated from hotels and restaurants in the area were brought in and they had volunteers to serve the food to people in need of food in the evenings. Research students, scientists and retired veterans were there among the volunteers. One of the volunteers told us that they typically worked three hours, once or twice in the evening every week to help. It was heartening to see hungry people queuing for the evening meal in the extreme cold and settling down to relish a warm meal. And once again, I remembered Fr. Keogh's words about how your own time and energy are very often so much harder to part with than money when you are looking for ways to help others.

People donate money to charities, some keep aside a fixed part of what they earn for charitable activities. This is very noble. But what we need to remember is that we can also devote a part of our life, time and energy also for the needy. We can visit a sick person, sit with them, read books or newspapers for them or tidy up their room. If their clothes need to be washed, put them for washing and drying. Find out what they like to eat and the next time you go to visit, cook a home made meal and feed them. It can even be the little things. Comb their hair for them if it needs to be combed, maybe help alter a dress for them. Or just sit with them and talk for a while. The money we give to charities cannot do this. The person will feel wanted and loved when you do this. Your personal touch fills the person you are helping with a warm glow of hope and gratitude.

In Matthew 25: 35-37, 40 Jesus Christ says " For I was hungry and you fed me; I was thirsty you gave me something to drink; I was a stranger and you invited me to your home; naked and you clothed me; sick and in prison you visited me. In as much as you have done unto one of the least of these, my brethren, you have done to me." Notice that the words here are 'fed, clothed. took me in, and visited. Food and clothes were not sent! Fed him with food and water when he was hungry and thirsty; clothed him when he was without clothes; was by his bed side when he was sick. Don't forget this personal involvement that Jesus stressed on as you live your life. Our conveniences and priorities should not stand in the way when you have an opportunity to help someone. We cannot feel like we have done our part just by giving some money to a cause.

Service to others is the rent we pay for our room here on the planet. Of all the earthly music, that which reaches farthest in Heaven is the beating of a loving heart, by the side of a needy fellow being.



**Kripa Susan Thomas**
**7th Happy Birthday**
**02.12.2010**






**Alphy P. Varghese**
**8th Happy Birthday**
**31.12.2010**



**Shruti Ann Isaac**
**8th Happy Birthday**
**24.12.2010**

